# കെ.എസ്.ഐ.ഡി.സി

## *പത്രക്കുറിപ്പ്*

**22-02-2023**
ബുധൻ

### ഭക്ഷ്യ സംസ്കരണ കമ്പനികൾക്കായി കെഎസ്ഐഡിസിയുടെ ഗ്രോത് ലാബ് പരിശീലനം മാർച്ച് നാലിന്

**പരിശീലനത്തിന് ഫെബ്രുവരി 24 വരെ അപേക്ഷിക്കാം**

തിരുവനന്തപുരം:കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷന്റെ(കെഎസ്ഐഡിസി) നേതൃത്വത്തിൽ സംസ്ഥാനത്തെ ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ നിലവിലെ സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്താനായി 2023 മാർച്ച് നാലിന് ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. രാവിലെ ഒൻപത് മുതൽ വൈകിട്ട് ആറ് വരെ കൊച്ചി റെനായ് ഹോട്ടലിൽ നടക്കുന്ന 'ഗ്രോത് ലാബ്' പരിശീല പരിപാടിയിൽ പങ്കെടുക്കാനായി ഫെബ്രുവരി 24 വരെ അപേക്ഷിക്കാം. അഞ്ച് കോടി രൂപ മുതൽ 50 കോടി രൂപ വരെ വാർഷിക വിറ്റുവരവുള്ള കമ്പനികൾക്കാണ് മുൻഗണന. കമ്പനികളുടെ പ്രൊമോട്ടർമാർ നേരിട്ട് പങ്കെടുക്കണം. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി (ഡിയുകെ) യുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്. താത്പര്യമുള്ള കമ്പനികൾ കെഎസ്ഐഡിസിയുടെ വെബ്സൈ

റ്റിൽ www.ksidc.org/investment/growth-lab/ എന്ന ലിങ്കിൽ ഓൺ ലൈനായി അപേക്ഷ സമർപ്പിക്കണം.